(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-7/1598/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

തൊടുപുഴ,തീയതി:09.12.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

(സെക്രട്ടറി മുഖേന)

കരിങ്കുന്നം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:- കരിങ്കുന്നം ഗ്രാമപഞ്ചായത്ത് -2015-2016 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-7/1598/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

തൊടുപുഴ,തീയതി:09.12.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

## ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13,1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.06.2016 മുതൽ 26.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എസ് മുരളീദാസ് | ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.11-2016 മുതൽ 03.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ .എം.യു.സണ്ണി | അസി.ഓഡിറ്റ് ഓഫീസർ . |
| | ശ്രീ.എം.എസ്.രാജീവ്. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജിബി ഇ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>(ബി) നിർവ്വഹണാധികാരികൾ.</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.തോമസ് കോര | 1.4.2015 മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| | ബീന ബിജു | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീമതി.ഷൈല ഗോപാൽ എം. | 1.4.2015 മുതൽ 29.07.2015 വരെ. |
| | ശ്രീ.സുഹാസ് ലാൽ | 30.07.2015 മുതൽ 09.08.2015 വരെ |
| | ശ്രീ.ബെന്നി എ.ആർ | 10.08.2015 മുതൽ 31.3.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസി.എഞ്ചിനീയർ | ശ്രീ.ജി.ശ്രീകുമാർ | 1.4.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | ശ്രീമതി.എൽസി ടോം | 1.4.2015 മുതൽ 31.12.2015 വരെ |
| | ശ്രീമതി.സിസിലിയാമ്മ മാത്യു | 01.01.2016 മുതൽ 17.02.2016 വരെ |
| | ശ്രീമതി.സുധർമ്മിണിയമ്മ എൽ | 18.02.2016 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജിജിമോൻ ജോസഫ് | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.റെയ്ച്ചൽ പി.ജോസഫ് | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | ഡോ.സുജ സെബാസ്റ്റ്യൻ<br>ഡോ.ജ്യോതി ലക്ഷ്മി എൽ | 01.04.2015 മുതൽ 28.08.2015വരെ<br>29.08.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ബിന്ദു തെരേസ പി.ജെ. | 01.04.2015 മുതൽ 31.03.2016 വരെ |
| ഗ്രാമസേവകൻ | ശ്രീ.രഞ്ജിത് ബിജുകുമാർ എം.റ്റി | 1.4.2015 മുതൽ 28.08.2015 വരെ |
| | ശ്രീമതി.സബിത കെ എം | 29.08.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.ലൂസി ജോർജ്ജ് | 1.4.2015 മുതൽ 31.3.2016 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ജിനീഷ് ജിൻസ് ജോർജ്ജ് | 01.04.2015 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഖണ്ഡിക നമ്പർ | ഖണ്ഡിക |
|---|---|---|
| | | ഭാഗം.1 |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടി ഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം. |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | | ഭാഗം -2 |
| 12 | 2-1 | പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടം പൊളിച്ച് നീക്കം ചെയ്യൽ – അസി. |

| | | |
|---|---|---|
| | | എൻജിനീയർ നിർണ്ണയിച്ച അടിസ്ഥാന വിലയേക്കാൾ താഴ്ന്ന തുകയ്ക്ക് ലേലം ഉറപ്പിച്ചു നൽകി |
| 13 | 2-2 | വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത |
| 14 | 2-3 | അനധികൃതമായ നിർമ്മാണത്തിന് കെട്ടിട നമ്പർ നൽകിയിരിക്കുന്നു |
| 15 | 2-4 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതിലെ അപാകത |
| 16 | 2-5 | വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല |
| | | ഭാഗം – 3 |
| 17 | 3-1 | ശുചീകരണ പ്രവർത്തനം --ഫയലുകൾ ഹാജരാക്കിയില്ല |
| 18 | 3-2 | വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച് - |
| 19 | 3-3 | തെരുവ് വിളക്കുകൾ സംബന്ധിച്ച് - |
| | | ഭാഗം – 4 |
| 20 | 4-1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 21 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 22 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 23 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 24 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 25 | 4-6 | ഓഡിറ്റ് റിക്കവറി |
| 26 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികക ളുടെ വിശദാംശം. |

| | | |
|---|---|---|
| 27 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 28 | 4.9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ റിപ്പോർട്ടു കൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 വർഷത്തെ പുതുക്കിയ ബജറ്റ് 25.02.2016 തിയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2015 | 02.06.2015 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

അനുബന്ധം *1* ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12353599.41 |
| വരവ് | 22161842.00 |
| ആകെ | 34515441.41 |
| ചെലവ് | 27191346.00 |
| നീക്കിയിരിപ്പ് | 7324095.41 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 452332 | 10057924 | 10510256 | 5251806 | 0 | 50 |
| വികസനഫണ്ട്(എസ്.സി.പി.) | 1052950 | 1575000 | 2627950 | 1468492 | 0 | 55.87 |
| വികസനഫണ്ട് (ടി.എസ്.പി.) | 34316 | 216000 | 250316 | 210000 | 0 | 83.89 |
| സംരക്ഷണഗ്രാന്റ് റോഡ് | 614750 | 6023000 | 6637750 | 6182165 | 0 | 93.13 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 901002 | 2320000 | 3221002 | 2971002 | 0 | 92 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 760400 | 2392579 | 3152979 | 2852758 | 0 | 90 |
| പെർഫോമൻസ് ഗ്രാന്റ് | 1870089 | 1870089 | 1870089 | 0 | 1870089 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 20291 | 3423010 | 3443301 | 3443253 | 48 | 99.99 |
| ബി ഫണ്ട് | - | 11600937 | 11600937 | 11600937 | - | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 88 എണ്ണം | 24054687 | 75 | 18936223 | 4 | 9 | 78.72 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.30 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3154127 | 2304315 | (-)849812 | (-)26.94 |
| നികുതിയേതര വരവുകൾ | 341050 | 651937 | 310887 | 91 % |
| മറ്റുവരവുകൾ | 0 | 38974 | 38974 | 0 |
| ആകെ | 3495177 | 2995226 | (-) 499951 | (-)14.30 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 48240 | 28 |
| കർഷകതൊഴിലാളി പെൻഷൻ | 1927020 | 212 |
| വിധവാപെൻഷൻ | 3367600 | 330 |
| വാർദ്ധക്യകാലപെൻഷൻ | 4691040 | 754 |
| വികലാംഗപെൻഷൻ | 1352110 | 141 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായവർക്കുള്ള പെൻഷൻ | 169600 | 18 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

26.11.2016-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16991/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. തനത് വരുമാനം കുറവായ പഞ്ചായത്തിൽ പുതിയ വരുമാന സ്രോതസുകൾ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2016 | 10/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.08.2008 | 1997-1998 & 2007-2008 | 20.10.2008 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടം പൊളിച്ച് നീക്കം ചെയ്യൽ -അസി.എൻജിനീയർ നിർണ്ണയിച്ച അടിസ്ഥാന വിലയേക്കാൾ താഴ്ന്ന തുകയ്ക്ക് ലേലം ഉറപ്പിച്ചു നൽകി.

പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടം പൊളിച്ച് ലേലം നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ 12.03.15 ലെ സി1-8048/2015 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുമതി ലഭിച്ചു. അസി. എൻജിനീയറുടെ വാല്യുവേഷൻ പ്രകാരം അടിസ്ഥാന വില ₹1,49,843/- ആയിരുന്നു.

- 20.04.2015 ലെ 6-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 11.05.2015 ൽ ലേലം നടത്തുകയും ലേലത്തിൽ 15 പേർ പങ്കെടുക്കുകയും ചെയ്തു. ശ്രീ. ജാഫർ കളപ്പുരയ്ക്കൽ എന്നയാൾ ഏറ്റവും കൂടിയ തുകയായ ₹1,52,500/- ക്വോട്ട് ചെയ്യുകയും ടിയാന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുകയും ചെയ്തു. ശ്രീ.കെ.ഇ റഷീദ്, ശ്രീ.സി.റ്റി ജെയിംസ്, ശ്രീ.ഫൈസൽ, നയനക്കാംകുന്നേൽ എന്നിവർ യഥാക്രമം ₹1,52,000/-,1,51,600/-,₹1,50,800/-വീതം ക്വോട്ട് ചെയ്തിരുന്നു. എന്നാൽ ഏറ്റവും

കൂടിയ തുക ക്വോട്ട് ചെയ്ത ശ്രീ.ജാഫർ കെ.എസ് ലേലതുക ഒടുക്കുവാൻ വിസമ്മതിച്ചുവെന്ന കാരണത്താൽ ലേല നടപടികൾ അസാധുവാക്കി 01.06.2015 ൽ പുനർ ലേലം നടത്തുവാൻ 25.05.2015 ലെ 1-ാം നമ്പർ ആയി പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തു.

- 01.06.2015 ൽ നടത്തിയ പുനർ ലേലത്തിൽ ഏറ്റവും കൂടിയ തുക ആയ ₹1,50,200/-ക്വോട്ട് ചെയ്ത ശ്രീ.കെ എൻ അബൂബക്കർ എന്നയാൾക്ക് ലേലം നിബന്ധന ലംഘിച്ച എന്ന കാരണത്താൽ ലേലം ഉറപ്പിച്ച് നൽകിയില്ല.
- പിന്നീട് 02.06.2015 ലെ എ1-1/15-16 നമ്പർ നോട്ടീസ് പ്രകാരം വീണ്ടും ടെണ്ടർ നടപടികൾ സ്വീകരിച്ചു. ശ്രീ.ഫൈസൽ നയനക്കാംക്കുന്നേൽ എന്നയാളുടെ ഏക ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ₹1,00,786/-യ്ക്ക് കെട്ടിട സാധനങ്ങൾ പൊളിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം നൽകുകയും ചെയ്തു.
- 11.05.2015 ൽ നടന്ന ലേലത്തിലും 01.06.2015 ൽ നടന്ന പുനർ ലേലത്തിലും 5 പേർ ₹1,50,000/- യിൽ കൂടുതൽ ക്വോട്ടി ചെയ്തിരുന്നുവെങ്കിലും പ്രസ്തുത വ്യക്തികളുമായി നെഗോസിയേഷൻ നടത്തി ലേല നടപടികൾ ഉറപ്പിക്കുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചില്ല. ഏറ്റവും കൂടിയ തുക ക്വോട്ട് ചെയ്ത വ്യക്തി ലേലത്തുക അടയ്ക്കുവാൻ വിസമ്മതിച്ച എന്ന കാരണത്താൽ 2 ലേലങ്ങളും അസാധുവാക്കിയിട്ടുണ്ടെങ്കിലും കൂടിയ തുക ക്വോട്ട് ചെയ്ത വ്യക്തികൾക്ക് ലേല തുക അടച്ച് കരാർ ഒപ്പിടുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കെട്ടിടം പൊളിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം കൈപ്പറ്റിയ ശ്രീ.ഫൈസൽ നയനക്കാംകുന്നേൽ ആദ്യ ലേലത്തിൽ പങ്കെടുത്ത് ₹1,50,800/- ക്വോട്ട് ചെയ്തിട്ടുള്ളതാണന്ന വസ്തുതയും ഗ്രാമപഞ്ചായത്ത് പരിഗണിച്ചില്ല.

പ്രസ്തുത കാരണങ്ങളാൽ വാല്യുവേഷൻ തുകയായ ₹1,49,843/-യേക്കാൾ കുറഞ്ഞ തുകയ്ക്ക് (₹1,00,786/-) ലേലം ഉറപ്പിച്ച് നൽകിയതുമൂലം ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ₹49,057/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത

കരിങ്കുന്നം ഗ്രാമ പഞ്ചായത്തിൽ 23-02-2015 ലെ ബി1- 38/2014-15നമ്പർ പെർമിറ്റ് പ്രകാരം പണികഴിച്ചിട്ടുള്ള വാണിജ്യ ആവശ്യങ്ങൾക്കായുള്ള 284.68 ച.മീറ്റർ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് XII/337 A,B,C&D നമ്പർ നൽകിയിട്ടുണ്ട്. ഇതിൽ XII/337 A,B നമ്പർ മുറികൾക്ക് അടിസ്ഥാന നികുതി ₹40/-യും XII/337 C,D എന്നീ മുറികൾക്ക് ₹ 50/-യും കണക്കാക്കി നികുതി നിശ്ചയിച്ചിരിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04-01-2011 ലെ ജി.ഒ.(പി) നമ്പർ 19/2011 ഉത്തരവ് പ്രകാരം വാണിജ്യ

ആവശ്യത്തിനുള്ള 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്ക് ₹70/-, കൂടിയ നിരക്ക് ₹90/- എന്നിങ്ങനെ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ വാണിജ്യ ആവശ്യങ്ങൾക്കായുള്ള 200 ച.മീറ്ററിന് മുകളിൽ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് ₹80/- അടിസ്ഥാന നികുതി പഞ്ചായത്ത് നിശ്ചയിച്ചിട്ടുണ്ട്. വസ്തു നികുതി നിർണ്ണയിക്കുന്ന ആവശ്യത്തിലേക്ക് മുറികൾക്ക് വിവിധ നമ്പർ നൽകിയാലും കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം കണക്കാക്കിയാണ് അടിസ്ഥാന നികുതി നിശ്ചയിക്കേണ്ടത്. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന് അടിസ്ഥാന നികുതി ച.മീറ്ററിന് ₹80/- നിരക്ക് നിശ്ചയിച്ച് നികുതി കണക്കാക്കേണ്ടതാണ്. നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം താഴെ പറയും പ്രകാരം വാർഷിക വസ്തു നികുതിയിൽ ₹13036/- യുടെ കുറവ് ഉണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | മുറിയുടെ വിവരം | വിസ്തീർണ്ണം (ച.മീറ്റർ) | ചുമത്തിയ അടിസ്ഥാന നികുതി @ ₹40/ ₹50 | ചുമത്തേണ്ട അടിസ്ഥാന നികുതി ₹80 | നികുതി ചുമത്തിയതിൽ കുറവ് (₹) |
|---|---|---|---|---|---|
| 1 | XII/ 337 A | 142.925 | 5717 | 11434 | 7432 |
| | റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്- 20% | | 1143 | 2287 | |
| | എയർകണ്ടീഷനിംഗ് വർദ്ധനവ്- 10% | | 572 | 1143 | |
| | ആകെ | | 7432 | 14864 | |
| 2 | XII/ 337 B | 7.825 | 313 | 626 | 407 |
| | റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്- 20% | | 63 | 125 | |
| | എയർകണ്ടീഷനിംഗ് വർദ്ധനവ്- 10% | | 31 | 63 | |

| | | | | | |
|---|---|---|---|---|---|
| | ആകെ | | 407 | 814 | |
| 3 | XII/ 337 C | 89.705 | 4485 | 7176 | 3229 |
| | റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്- 20% | | 897 | 1435 | |
| | ആകെ | | 5382 | 8611 | |
| 4 | XII/ 337 D | 54.67 | 2734 | 4374 | 1968 |
| | റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്- 20% | | 547 | 875 | |
| | ആകെ | | 3281 | 5249 | |
| | വാർഷിക നികുതിയിലെ ആകെ കുറവ് | | | | 13036 |

വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത പരിഹരിച്ച് പുതിക്കിയ നികുതി ചുമത്തി തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 അനധികൃതമായ നിർമ്മാണത്തിന് കെട്ടിട നമ്പർ നൽകിയിരിക്കുന്നു

ശ്രീ. സഖറിയാൻ സ്റ്റീഫൻ, വെള്ളനാൽ കെട്ടിട നമ്പർ ലഭിക്കുന്നതിനായി നൽകിയ അപേക്ഷയിന്മേൽ 27.05.2015 ഓവർസിയർ നൽകിയ റിപ്പോർട്ടിൽ പണികഴിച്ചിട്ടുള്ള കെട്ടിടത്തിന് തൊടുപുഴ-പാലാ സംസ്ഥാന പാതയിൽ നിന്നും 2.4 മീറ്റർ അകലം മാത്രമാണ് ഉള്ളതെന്ന് അറിയിച്ചിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 28 പ്രകാരം ചുരുങ്ങിയത് 3 മീറ്റർ അകലം ഉണ്ടായിരിക്കേണ്ടതാണ്. തുടർന്ന് 25.08.2015 ഓവർസീയർ നൽകിയ റിപ്പോർട്ടിൽ കെട്ടിടം മൂന്നമീറ്റർ ദൂരപരിധി പാലിക്കുന്ന രീതിയിൽ പുനക്രമീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് X/278D നമ്പർ നൽകുകയും ചെയ്തിരിക്കുന്നു. എന്നാൽ 30-11-2016 ൽ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ നേരിട്ടുള്ള പരിശോധയിൽ കെട്ടിടത്തിന് പ്രസ്തുത റോഡിൽ

നിന്നും 2.2 മീറ്റർ അകലം മാത്രമേയുള്ളൂ എന്ന് ഓഡിറ്റിന് നേരിട്ട് ബോദ്ധ്യപ്പെട്ടു. നിയമാനുസൃത നിബന്ധന പാലിക്കാതെ കെട്ടിട നമ്പർ നൽകിയ നടപടി റദ്ദ് ചെയ്ത് അനധികൃത നിർമ്മാണം പൊളിച്ചുമാറ്റി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതിലെ അപാകത

ശ്രീ. സൈമൺ & ജെസ്റ്റിൻ, മുണ്ടപ്പുഴയ്ക്കൽ, കരിങ്കുന്നം എന്നവർ 14-07-2015 ൽ പെർമിറ്റിനായി നൽകിയ അപേക്ഷയിൽ സർവ്വേ നമ്പർ 278/5 ൽപ്പെട്ട 40 ആർ വിസ്തൃതിയിലുള്ള സ്ഥലത്ത് 224.637 ച.മീറ്റർ വീതം വിസ്തീർണ്ണമുള്ള ഒരേപോലെ രണ്ട് കെട്ടിടത്തിന് പെർമിറ്റ് ആവശ്യപ്പെടുകയും ആയതിന് 01-08-2015 ൽ ഓവർസീയർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 18-08-2015-ൽ യഥാക്രമം ബി1-20/15-16, ബി1-21/15-16 പ്രകാരം ബിൽഡിംഗ് പെർമിറ്റ് നൽകുകയും ചെയ്തിരിക്കുന്നു. തുടർന്ന് കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തുനിന്ന് കരിങ്കൽ നീക്കം ചെയ്യുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് ഉടമ നൽകിയ അപേക്ഷയിൽ, സ്ഫോടക വസ്തു അല്ലാത്ത രാസവസ്തു ഉപയോഗിച്ച് കരിങ്കല്ല് ഖനനം ചെയ്ത് ശേഖരിച്ച ശേഷം ടി കല്ലിന്റെ റോയൽറ്റി അടച്ച് ആയത് നീക്കം ചെയ്യുവാനുള്ള അനുമതി 09-05-2016-ൽ നൽകിയെങ്കിലും 13-06-2016-ൽ സ്ഥലപരിശോധനയിൽ രാസപദാർത്ഥം കൂടാതെ സ്ഫോടക വസ്തു ഉപയോഗിച്ച് ഖനനം ചെയ്തതായി കണ്ടെത്തിയതിനാൽ ആയത് കുറ്റകരമാണെന്ന് കണ്ട് സ്ഫോടകവസ്തു ഉപയോഗിച്ചുള്ള ഖനനം നിർത്തിവെയ്ക്കുന്നതിന് 15-06-2016 ഡിഐഐ/1266/ എം/15 നമ്പർ നോട്ടീസ് പ്രകാരം മൈനിംഗ് & ജിയോളജി ഇടുക്കി ജില്ലാ സീനിയർ ജിയോളജിസ്റ്റ് നിർദ്ദേശിച്ചിരിക്കുന്നു. കൂടാതെ കെട്ടിടം നിർമ്മിക്കുന്നതിനായി എത്ര ഘനമീറ്റർ കരിങ്കല്ല് നീക്കം ചെയ്യേണ്ടിവരും എന്നതു സംബന്ധിച്ച് ഒരു റിപ്പോർട്ട് ബന്ധപ്പെട്ട കെട്ടിട നിർമ്മാണാനുമതി നൽകിയ എഞ്ചിനീയറുടെ പക്കൽ നിന്നും ഹാജരാക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

തുടർന്ന് 17-08-2016ൽ പ്രസ്തുത സ്ഥലത്ത് നിലവിലുള്ള അവസ്ഥയിൽ നിന്നും 6600 ഘന മീറ്റർ പാറ ഖനനം ചെയ്തുമാറ്റിയാൽ മാത്രമേ അനുവദിച്ച പെർമിറ്റ് പ്രകാരം നിർമ്മാണം സാധ്യമാകൂ എന്ന് കരിങ്കുന്നം ഗ്രാമ പഞ്ചായത്ത് എൽ.എസ്.ജി.ഡി.ഡിവിഷൻ അസി.എൻജിനീയർ സാക്ഷ്യപത്രം നൽകിയിരിക്കുന്നു.

ഓഡിറ്റ് വേളയിൽ 30-11-2016 ൽ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ പ്രസ്തുത സ്ഥലത്ത് ഒരു പാറമടയുടെ സമാനമായ രീതിയിൽ കരിങ്കല്ല് പൊട്ടിച്ചിട്ടുള്ളതായി കാണുവാൻ കഴിഞ്ഞു. കൂടാതെ സമീപവാസിയിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് മറ്റൊരു സ്ഥലത്ത് വീട് ഉള്ളതാണെന്നും പ്രസ്തുത സ്ഥലത്ത് പാറമടയാണ് നടത്തുന്നത് എന്ന് ബോദ്ധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ 6600 ഘന മീറ്റർ കരിങ്കല്ല് പൊട്ടിച്ച് മാറ്റിയാൽ മാത്രം വീട് വയ്ക്കുവാൻ കഴിയുന്ന സാഹചര്യത്തിൽ, സ്ഥല പരിശോധന നടത്തിയ ഓവർസിയർ കെട്ടിട നിർമ്മാണ പെർമിറ്റ്

അനുവദിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് നൽകിയത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. വീട് നിർമ്മിക്കുവാൻ യാതൊരു ഭൗതിക സാഹചര്യവുമില്ലാത്ത സ്ഥലത്ത് കെട്ടിട നിർമ്മാണം എന്ന പേരിൽ പാറമട നടത്തുവാൻ ശ്രമിക്കുന്നു എന്ന് സംശയം തോന്നുന്ന ഈ നടപടി സംബന്ധിച്ച് സമഗ്രമായ ഒരു വിജിലൻസ് അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-5 വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിലെ പ്രധാന ഇനമായ വസ്തുനികുതി പിരിച്ചെടുക്കുന്നതിൽ ഗുരുതരമായ വീഴ്ച ഉണ്ടായിരിക്കുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷ വസ്തുനികുതി ₹1881339/-യും കുടിശിക വസ്തുനികുതി ₹1611477/-യും ഉൾപ്പെടെ ആകെ ₹34,92,816/- വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. നികുതി കാലഹരണപ്പെട്ടുപോകാതെ പിരിച്ചെടുക്കുന്നതിന് ഭരണ സമിതി അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശുചീകരണ പ്രവർത്തനം-ചെലവ് രേഖകൾ ഹാജരാക്കിയില്ല, തടസ്സം ₹1,30,000/-

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ശുചിത്വ മിഷൻ വാർഡ് ഒന്നിന് അനുവദിച്ചിട്ടുള്ള ₹10,000/-ക്രമത്തിൽ വാർഡ് ഹെൽത്ത് ആന്റ് സാനിട്ടേഷൻ കമ്മിറ്റി കൺവീനർക്ക് നൽകിയിട്ടുണ്ട്.എന്നാൽ തുകകൾ ചെലവഴിച്ചതിന്റെ വൗച്ചറുകൾ,അനുബന്ധരേഖകൾ ഹാജരാക്കിയില്ല. തുകകൾ കൈപ്പറ്റിയവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ തിയതി | തുക | തുക കൈപ്പറ്റിയവർ | വാർഡ് |
|---|---|---|---|---|
| 1 | 21500592/03.02.2016 | 10000 | മേരി ഐപ്പ് | 1 |
| 2 | 21500593/03.02.2016 | 10000 | റാണി മോൾ കെ | 2 |
| 3 | 21500594/03.02.2016 | 10000 | വിജയൻ റ്റി | 3 |

| | | | | |
|---|---|---|---|---|
| 4 | 21500595/03.02.2016 | 10000 | -ടി- | 4 |
| 5 | 21500596/03.02.2016 | 10000 | -ടി- | 5 |
| 6 | 21500597/03.02.2016 | 10000 | റാണി മോൾ കെ | 6 |
| 7 | 21500598/03.02.2016 | 10000 | വിജയൻ റ്റി | 7 |
| 8 | 21500599/03.02.2016 | 10000 | ജയ പി.ജെ | 8 |
| 9 | 21500600/03.02.2016 | 10000 | -ടി- | 9 |
| 10 | 21500601/03.02.2016 | 10000 | ജിനിൽ കുമാർ വി.എ | 10 |
| 11 | 21500602/03.02.2016 | 10000 | -ടി- | 11 |
| 12 | 21500603/03.02.2016 | 10000 | മേരി ജോർജ്ജ് | 12 |
| 13 | 21500604/03.02.2016 | 10000 | ജിനിൽ കുമാർ വി.എ | 13 |
| | ആകെ | 130000 | | |

രേഖകളുടെ അഭാവത്തിൽ ₹130000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച് -

തൻവർഷം ഗ്രാമപഞ്ചായത്തിൽ വെള്ളക്കരം ഇനത്തിൽ 156 ടാപ്പുകൾക്ക് 4/15 മുതൽ 3/16വരെ ₹68250/- നിരക്കിൽ ₹819000/-ഒടുക്കിവരുന്നുണ്ട്. 156 ടാപ്പുകളിൽ എത്രയെണ്ണം പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയവ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. മാത്രമല്ല,വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തുമായി സംയുക്ത പരിശോധന നടത്തണമെന്ന 28.09.2011 ലെ ജി.ഒ ആ.ടി

2242/2011/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നാളിതുവരെയും സംയുക്തപരിശോധന നടത്തിയിട്ടില്ല. താമസംവിനാ സംയുക്തപരിശോധന നടത്തി വെള്ളക്കരം അധികമായി ഒടുക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 തെരുവ് വിളക്കുകൾ സംബന്ധിച്ച് -

ഗ്രാമപഞ്ചായത്തിൽ തൻ വർഷം 4/15മാസം മുതൽ 3/16 വരെ ₹10273/-നിരക്കിൽ കെ.എസ്.ഇ.ബി യിൽ അടയ്ക്കുന്നുണ്ട്. എന്നാൽ ഇനം, ബൾബ്, സോഡിയം വേപ്പർ ലാബ് തുടങ്ങിയവയുടെ എണ്ണം, പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. 12.03.2013-ലെ 65529/ഡി.സി3/12 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട്കൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പദ്ധതി പേര്/നം | ചെലവഴിച്ച തുക ₹ | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് തൊടുപുഴ | 83335 | സ്നേഹധാരാ ആയുർവ്വേദ പാലിയേറ്റീവ് കെയർ | 83335 | 0 |
| | 158335 | പാലിയേറ്റീവ് കെയർ | 158335 | 0 |
| | 40000 | വനിതകൾക്ക് കാർഷിക ഉപകരണങ്ങൾ, | 40000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 15983/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1998-1999 | 26 | 3050 | സി.എൻ.വൽസല<br>സെക്രട്ടറി | 11501100697/19.09.2015 |
| " | 27 (1) | 3500 | ,, | 11501100 697/<br>19.09.2015 |
| " | ' '(3) | 3300 | ,, | 11501100 697/<br>19.09.2015 |
| " | 29 | 3950 | ,, | 1501100 697/ 19.09.2015 |
| 1999-2000 | 30 | 2183 | ,, | 1501100 698/ 19.09.2015 |
| | ആകെ | 15983 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 22161842.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 27191346.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 49057.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 130000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 49057 | | ഷൈല ഗോപാൽ സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 130000 | ഏ.ആർ ബെന്നി സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-4

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷൈല ഗോപാൽ എം സെക്രട്ടറി | സെക്രട്ടറി മണക്കാട് ഗ്രാമപഞ്ചായത്ത് | കുന്നത്തുപറമ്പിൽ വീട്, കാഞ്ഞിരമറ്റം പി.ഓ,തൊടുപുഴ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒട്ടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഐ. 7-64/99/10.9.1999 |
| 1997-98 | എൽ.എഫ്.ഐ. 7-707/200/30.11.2000 |
| 1998-99 | എൽ.എഫ്.ഐ. 7-172/2000/31.7.2000 |
| 1999-2000 | എൽ.എഫ്.ഐ. 7-250/2001/15.10.2001 |
| 2000-01 | എൽ.എഫ്.ഐ. 7-627/2001/15.10.2001 |
| 2001-02 | എൽ.എഫ്.ഐ. 7-449/2003/13.5.2005 |
| 2002-03 | എൽ.എഫ്.ഐ. 7-227/2005/13.5.2005 |
| 2003-04 | എൽ.എഫ്.ഐ. 7-709/2007/14.5.2007 |
| 2004-05 | എൽ.എഫ്.ഐ. 7-67/2008/3.9.2008 |
| 2005-06 | എൽ.എഫ്.ഐ. 7-68/2008/9.9.2008 |
| 2006-07 | എൽ.എഫ്.ഐ. 7-1079/2008/20.3.2009 |
| 2007-08 | എൽ.എഫ്.ഐ. 7-113/2010/10.12.2000 |
| 2008-09 | എൽ.എഫ്.ഐ. 8/206/2011/19.8.2011 |
| 2009-10 | എൽ.എഫ്.ഐ. 8-226/2012/20.6.2012 |
| 2010-11 & 2011-12 | എൽ.എഫ്.ഐ. 8-596/2013/29.8.2013 |
| 2012-13 & 2013-14 | എൽ.എഫ്.ഐ. 7-177/2015/7.3.2015 |

| | |
|---|---|
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.7/830/2016/23.06.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഐ.ഡി.കെ. 7/1598/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി,
തൊടുപുഴ, തീയതി :09.12.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കരിങ്കുന്നം ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSAIDK.7/1598/2016

Kerala State Audit Department
District Audit Office,Idukki
Thodupuzha, Dated :09.12.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Karimkunnam Grama panchayat in Idukki district for the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994 , the rules made there under and the guidelines issued by the Comptroller And Auditor General of India for the purpose of audit of accounts Panchayat Raj Instituitions.

In my opinion, the Financial Statements of Karimkunnam Gama panchayat for the 2015-16, except the observations in my Audit Report, properly presents the picture of income and expenditure.

DEPUTY DIRECTOR
IDUKKI